ജന്മഭൂമി

04 April 2018

# സിഎംഎഫ്ആർഐ ശാസ്ത്രജ്ഞന് അന്തർദ്ദേശീയ അംഗീകാരം



ഡോ. ശ്യാം എസ്.സലീം

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) പ്രിൻസിപ്പൽ സയന്റിസ്റ്റായ ഡോ. ശ്യാം എസ്. സലീമിനെ യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഫിഷറീസ് സാമ്പത്തിക-വ്യാപാര സംഘടനയുടെ (ഐഐഎഫ്ഇടി) റെഗുലർ എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുത്തു.

ഫിഷറീസ് മാനേജ്മെന്റ്, മത്സ്യവ്യാപാരം, മത്സ്യകൃഷി എന്നിവയുടെ സാമ്പത്തികകാര്യ ഗവേഷണങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അന്താരാഷ്ട്ര സംഘടനയാണ് അമേരിക്കയിലെ ഒറിഗോൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐഐഎഫ്ഇടി. അറുപത്തിയഞ്ചിലധികം രാജ്യങ്ങളിൽ നിന്നായി 700 അംഗങ്ങളാണ് സംഘടനയിലുള്ളത്.